**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ഓഫീസ് അസിസ്റ്റന്റ് ശ്രീ.ഷാജി ബാബിൻസനെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിച്ച കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(എം.എസ്) നം.187 /2015/തസ്വഭവ. തിരുവനന്തപുരം, തീയതി 06/06/2015.

---

പരാമർശം:-(1) 26/06/2008 ലെ സ.ഉ.(എം.എസ്) നമ്പർ 179/08 തസ്വഭവ നമ്പർ ഉത്തരവ്.

(2) 14/02/2013 ലെ സ.ഉ. (എം.എസ്) നമ്പർ 72/2013/ജിഎഡി നമ്പർ ഉത്തരവ്.

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.11.13, 30.07.14, 28.02.15 എന്നീ തീയതികളിലെ കെ.എസ്-എൽ/5828/2013/ഇ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കുടുംബശ്രീയിൽ ജോലി ചെയ്തിരുന്ന എട്ട് ഡ്രൈവർമാർക്കും ആറ് ഓഫീസ് അസിസ്റ്റന്റമാർക്കും ശമ്പള സ്കെയിൽ അനുവദിച്ച് ഉത്തരവായിരുന്നു. സർക്കാർ - സർക്കാർ ഇതര ഏജൻസികൾ വാഹനങ്ങൾ വാങ്ങുന്നതും ഉപയോഗിക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഡ്രൈവർ-കം-ഓഫീസ് അസിസ്റ്റന്റ് എന്ന ഒരു പുതിയ കാറ്റഗറി സൃഷ്ടിച്ചും പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. കുടുംബശ്രീയിൽ ഡ്രൈവർ തസ്തികയിലുണ്ടായ ഒഴിവിൽ ടി തസ്തികയ്ക്ക് യോഗ്യതയുള്ള ഓഫീസ് അസിസ്റ്റന്റ് ശ്രീ.ഷാജി ബാബിൻസനെ 01.01.2012 മുതൽ നിയമിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം മൂന്നിലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായും മുൻകാല പ്രാബല്യമില്ലാതെയും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ശ്രീ.ഷാജി ബാബിൻസനെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റായി നിയമിച്ച കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ.വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി.**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ശ്രീ.ഷാജി ബാബിൻസൻ (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നം.ഡെവ.1/235/2014-ഫിൻ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**